DESPATCHED
On..29/06/2020
17.3.20



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ AP.2668(2)/2015/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.19295/എസ്.ഐ.സി-ജി 6/15

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ. ബ്രിജിറ്റ് ലോറൻസ്
അറയ്ക്കൽ വീട്
ഓമനപ്പുഴ
പാതിരപ്പള്ളി പി.ഒ, ആലപ്പുഴ-688521 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ
ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്
സിവിൽ സ്റ്റേഷൻ അനക്സ്, തത്തംപ്പള്ളി പി.ഒ
ആലപ്പുഴ
2. അപ്പീൽ അധികാരി,
ഡെപ്യൂട്ടി ഡയറക്ടർ
മേഖല എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
ഉപ്പളം റോഡ്, തിരുവനന്തപുരം } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 31.08.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26.09.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 29.10.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 03.11.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.12.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 26.12.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.01.2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20.01.2016,15.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.11.2019 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 31.08.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ ലാസ്റ്റ് ഗ്രേഡ് വിഭാഗം നിയമനത്തിനായുള്ള നിലവിലുള്ള ലിസ്റ്റിൽ നിന്നും ആവസാനമായി നിയമനം ലഭിച്ച ലത്തീൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി മുതൽ 1997 ൽ 655-ാം നമ്പറായി രജിസ്റ്റർ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥി വരെ ടി വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗാർത്ഥികളുണ്ടെന്ന് വ്യക്തമാക്കാമോ എന്നും, ഇനം 2 ൽ ആയതിൽ പ്രയോറിറ്റി/നോൺ പ്രയോറിറ്റി വിഭാഗത്തിൽപ്പെട്ടവരുടെ പേരുവിവരം വ്യക്തമാക്കാമോ എന്നുമുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 26.09.2015-ാം തീയതി മറുപടി നൽകുകയും ആയതിൽ 2-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി തൃപ്തികരമല്ലെന്നറിയിച്ചുകൊണ്ട് ഹർജിക്കാരി 29.10.2015 ന് അപ്പീൽ നൽകുകയും 03.11.2015 ന് അപ്പീൽ അധികാരി ആയതിന് ലഭ്യമായ വിവരങ്ങൾ എസ്.പി.ഐ.ഒ നൽകിയെന്നു മറുപടി നൽകുകയും ചെയ്തു.

4. 18.11.2015 തീയതി ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഒരു ജോലിക്ക് വേണ്ടി അഥവാ സർക്കാരിൽ നിന്ന് ആനുകൂല്യം എന്തെങ്കിലും ലഭിക്കുന്നതിനുവേണ്ടി സർക്കാരിനെ വിശ്വാസപൂർവ്വം ഏൽപ്പിച്ചിരിക്കുന്ന തൊഴിൽ അന്വേഷകരുടെ വിവരങ്ങൾ ഒരു സ്വകാര്യ വ്യക്തിക്ക് നൽകുന്നതിൽ പൊതുജനതാൽപര്യം ഉള്ളതായി ടി അപേക്ഷയിൽ ബോധ്യപ്പെടാത്തതിനാലാണ് അവരുടെ വിവരം നൽകാത്തതെന്നാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന ടി വകുപ്പിന്റെ പരിധിയിൽ വരുന്ന വിവരങ്ങൾ നൽകിയതായി കാണുന്നതിനാൽ ടി

അപ്പീൽ ഹർജിയിൽ മറ്റ് നടപടികളാവശ്യമില്ലെന്നു കണ്ട് ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)